'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല - വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ചെന്താമരാക്ഷനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.202/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/01/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.11.2015-ലെ ഇ9(എസ്.സി.34/15/പികെടി) 20657/15 നമ്പർ കത്ത്

2 സർക്കാരിന്റെ 23.02.2017-ലെ 147/ഇപിബി3/16/തസ്വഭവ നമ്പർ കുറ്റപത്രം

3 സ.ഉ.(സാധാ) നം.1919/2018/തസ്വഭവ തീയതി 12.07.2018

4 സർക്കാരിന്റെ 04.02.2019-ലെ 203/ഇപിബി3/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ചെന്താമരാക്ഷൻ സമർപ്പിച്ച 06.04.2019-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 21.08.2019-ലെ ഡി10-9655/2017 നമ്പർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ അനധികൃത കുടിവെള്ള കണക്ഷൻ നല്കിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ചെന്താമരാക്ഷനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

1. വടകരപ്പതി ഗ്രാമപഞ്ചായത്തിൽ വളരെയധികം അനധികൃത കുടിവെള്ള കണക്ഷനുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റും വെള്ളക്കരവും സ്വീകരിക്കാതെ നല്കുകയും ആയതുവഴി ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാവുകയും ചെയ്തു.

2. വെള്ളക്കരം മീറ്റർ റീഡിംഗ് പ്രകാരം എടുക്കാതെ നിശ്ചിത തുക നിശ്ചയിച്ച് പിരിച്ചതു വഴി വരുമാന നഷ്ടമുണ്ടായി.

3. 3/2012 മുതൽ ഓരോ ഉപഭോക്താവും വലിയ വെള്ളക്കര കുടിശിക വരുത്തിയതായും ആയത് പിരിച്ചെടുക്കുന്നതിലൊ അത്തരം കണക്ഷൻ വിച്ഛേദിക്കുന്നതിനോ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് യാതൊരു നടപടിയും സ്വീകരിച്ചതായും കണ്ടില്ല.

തുടർന്ന് ശ്രീ. ചെന്താമരാക്ഷനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ആറു മാസത്തേയ്ക്ക് തടഞ്ഞു കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ. ചെന്താമരാക്ഷൻ 31.03.2018-ന് സേവനത്തിൽ നിന്നും വിരമിച്ചതായും ആയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശം (3) ഉത്തരവ് പുനപരിശോധിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ശ്രീ. ചെന്താമരാക്ഷൻ 31.03.2018-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ചെന്താമരാക്ഷൻ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ 02.06.2014 മുതൽ 24.07.2015 വരെയാണ് വടകരപ്പതി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ ടിയാൻ സേവനമനുഷ്ഠിച്ചിരുന്നതെന്നും, വിജിലൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിവെള്ള കണക്ഷനുകൾ ടിയാൻ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വളരെ മുൻപ് അനുവദിച്ചിട്ടുള്ളതാണെന്നും, ടിയാൻ ജോലി ചെയ്ത കാലയളവിൽ വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയ അപാകത പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും കൂടാതെ 2 1 വർഷത്തെ സേവനകാലയളവിൽ നാളിതുവരെ ഒരു വിശദീകരണം പോലും വകുപ്പ് ആവശ്യപ്പെട്ടിട്ടില്ലാത്ത വിധത്തിൽ ആത്മാർത്ഥമായാണ് ജോലി ചെയ്തു വന്നിരുന്നതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ചെന്താമരാക്ഷൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം അഭിപ്രായറിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ചെന്താമരാക്ഷന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 1 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ചെന്താമരാക്ഷനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

   (പരാമർശം (1) മുതൽ (5) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ചെന്താമരാക്ഷൻ എ, മുൻ സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/203/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ